## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3893

24.06.2014 - ലെ മറുപടിക്ക്

### സിഡ്കോ ആവിഷ്കരിച്ച് നടപ്പിലാക്കിയ പുതിയ പദ്ധതികൾ

ചോദ്യം
ശ്രീ. ബി. സത്യൻ

മറുപടി
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സിഡ്കോ ഏതെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്നും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ; ഓരോ യൂണിറ്റിന്റെയും ആസ്ഥാനം എവിടെയാണ് പ്രവർത്തിക്കുന്നത് ; | (എ) : ഈ സർക്കാർ അധികാരമേറ്റശേഷം സിഡ്കോ ചെറുകിട-ഇടത്തരം സംരംഭകരുടെ വിവിധതരം ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി തിരുവനന്തപുരത്ത് ഒരു ട്രേഡിംഗ് ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.<br>നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പുതിയ പദ്ധതികൾ :<br>1. ഇലഞ്ഞിക്കൽ ഗ്രാമപഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.<br>2. പാപ്പനംകോട് ഒരു ബഹുനില വ്യവസായ സമുച്ചയം.<br>3. മലപ്പുറം വേങ്ങരയിൽ ഒരു സ്റ്റീൽ മാനുഫാക്ച്ചറിംഗ് യൂണിറ്റ്. |
| (ബി) 2010 ഏപ്രിൽ ഒന്നിന് ശേഷം സിഡ്കോയിൽ ആകെ എത്ര നിയമനം നടന്നിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ; | (ബി) : 2010 ഏപ്രിൽ ഒന്നിന് ശേഷം സിഡ്കോയിൽ 116 സ്ഥിര നിയമനങ്ങൾ നടന്നിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :<br>എൽ. ഡി ക്ലർക്ക് - 28<br>എൽ.ഡി. അക്കൗണ്ടന്റ് - 37<br>ഡ്രൈവർ - 1<br>ഡ്രാഫ്റ്റ്സ് മാൻ - 1<br>പ്യൂൺ - 2<br>കൂടാതെ സിഡ്കോയുടെ പ്രൊഡക്ഷൻ യൂണിറ്റുകളിൽ 31 അവിദഗ്ധ തൊഴിലാളികളെയും 16 വിദഗ്ധ തൊഴിലാളികളെയും നിയമിച്ചിട്ടുണ്ട്. |

(സി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ എത്ര വീതമുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ?

(സി) : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | പട്ടിക ജാതി | പട്ടിക വർഗ്ഗം |
|---|---|---|
| എൽ.ഡി. ക്ലർക്ക് | 2 | |
| എൽ.ഡി. അ ക്കൗണ്ടന്റ് | 4 | 1 |
| പ്യൂൺ | 1 | |
| വിദഗ്ധ-അവിദഗ്ധ വിഭാഗം | 1 | |

സെക്ഷൻ ഓഫീസർ